# ദൗത്യം നിറവേറ്റുന്ന പരിശുദ്ധാത്മാവ്

## ഉല്പത്തി 24:64

"റിബേക്കയും തലപൊക്കി യിസഹാക്കിനെ കണ്ടിട്ടു ഒട്ടകപ്പുറത്തു നിന്നു ഇറങ്ങി."

എലയാസറിന്റെ കൂടെ യിസഹാക്കിന്റെ ഭാര്യയായി കടന്നുവരുന്ന റിബേക്കാ. യിസഹാക്ക് ദൂരത്ത് നിന്നിരുന്നെങ്കിലും അവൾ കണ്ടു, അവനെ തിരിച്ചറിഞ്ഞു, മൂടുപടം ഇട്ട് ആദരവോടെ ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങുന്ന കാഴ്ച നമുക്ക് കാണാം. അവർ തമ്മിലുള്ള ആദ്യത്തെ കൂടിക്കാഴ്ച.

വഴിയാത്രയിൽ, തന്റെ യജമാനനെക്കുറിച്ച് എലയാസർ പറഞ്ഞും, വിവരിച്ചും അല്ലാതെ യാതൊന്നും അവനെപ്പറ്റി റിബേക്കായ്ക്ക് അറിയില്ലായിരുന്നു. മണവാളനെപ്പറ്റി വർണ്ണിക്കാനും ഏല്പിച്ചു കൊടുക്കാനും എലയാസറിനെ ഏല്പിച്ച ദൗത്യം ഭംഗിയായി നിറവേറ്റപ്പെട്ടു. അതുകൊണ്ട്, തന്റെ മണവാളനെ തിരിച്ചറിയാനും പൂർണ്ണമായി കണ്ട മാത്രയിൽ തന്നെ ഏല്പിച്ചുകൊടുക്കുവാനും അവൾക്ക് കഴിഞ്ഞു.

ഇന്നും, വിശ്വാസികളുടെ ഇടയിൽ പരിശുദ്ധാത്മാവ് നടത്തുന്ന വലിയ ശുശ്രൂഷയുടെ കാഴ്ച ആണല്ലോ നാം കണ്ടത്. പരിശുദ്ധാത്മാവ് ഇന്ന് ഒരു വ്യക്തിയായി, ആളത്വമായി നമ്മിൽ വസിച്ചുകൊണ്ട് നമ്മോടുകൂടെ ഇരുന്ന് തന്റെ ദൗത്യം നിറവേറ്റിക്കൊണ്ടിരിക്കുന്നു. പ്രിയനെപ്പറ്റി പഠിപ്പിക്കുകയും ആഗ്രഹിപ്പിക്കുകയും ഉൽസാഹിപ്പിക്കുകയും ഒക്കെ ചെയ്തുകൊണ്ടിരിക്കുന്നു. അവനെ മുഖാമുഖമായി കാണുവാൻ പോയിക്കൊണ്ടിരിക്കുന്ന ഒരു വഴിയാത്രയാകുന്നു ഈ ജീവിതം. പരിശുദ്ധാത്മാവിന്റെ ശബ്ദത്തിനു പൂർണ്ണമായി വിട്ടുകൊടുത്ത് ജീവിതം ക്രമീകരിക്കാൻ കഴിഞ്ഞാൽ ഈ യാത്ര വിജയത്തിലെത്തും. റിബേക്കയെപ്പോലെ തന്റെ പ്രാണപ്രിയനെ കാണുമ്പോൾ തന്നെ, താണുവീണു സമർപ്പിച്ചു മണവാളന്റെ പാദപീഠം ചുംബിച്ചുകൊണ്ട് മണിയറയിലേക്ക് പ്രവേശിക്കാൻ ഓരോ ദൈവമക്കളെയും സഹായിക്കട്ടെ. റിബേക്കാ തന്റെ പിതൃഭവനത്തെയും സഹോദരങ്ങളെയും വിട്ട്, എലിയാസറിന്റെ കൂടെ തന്റെ മണവാളനായി തിടുക്കത്തോടെ പുറപ്പെട്ടു.

പ്രാണപ്രിയനെ ഓരോ ദിനവും കാണുവാൻ തിടുക്കത്തോടെ ഒരു യാത്ര ക്രമീകരിക്കാൻ പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി യാചിക്കാം. കർത്താവിനെ മുഖാമുഖം കാണുന്ന ഒരു ദിനം ഉണ്ടെന്ന ബോധ്യം നമ്മെ നിമിഷംതോറും ഭരിച്ചാൽ, തീർച്ചയായും വിശുദ്ധമായ ഒരു ജീവിതം നയിക്കാൻ നമ്മെ അവൻ സഹായിക്കും. കാന്തനെ കാണുവാനുള്ള ആഗ്രഹത്തോടെ അവന്റെ രൂപവും സൗന്ദര്യവും ദർശിക്കാനുള്ള തിടുക്കത്തോടെ ക്രിസ്തീയജീവിതം മുന്നോട്ടു നയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :

വെളിപ്പാട് 19:7

നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 045**